പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2170

08/12/2014 ൽ മറുപടിയ്ക്ക്

## ഫോറസ്റ്റ് റേഞ്ച് ഓഫീസർ നിയമനം

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | ഉത്തരം<br>ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പുമന്ത്രി) |
|---|---|
| (എ) വകുപ്പിലെ ഫോറസ്റ്റ് റേഞ്ച് ഓഫീസർ നിയമനത്തിനുള്ള സർവ്വീസ് റൂൾ നിലവിൽ വന്നിട്ടുണ്ടോ; | (എ) വനം വകുപ്പിലെ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിലെ നിയമനം സംബന്ധിച്ച സ്പെഷ്യൽ റൂൾ 21/10/2010 ലെ സ.ഉ.(പി) നം. 73/2010/വനം പ്രകാരം പുതുക്കി നിശ്ചയിച്ച് വിജ്ഞാപനം ചെയ്തിട്ടുള്ളതും ആയതിന് 10/09/2014-ലെ സർക്കാർ ഉത്തരവ് (പി) നം. 80/2014/വനം പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതുമാണ്. |
| (ബി) പ്രസ്തുത റൂൾ സർക്കാർ ഉത്തരവായി പുറപ്പെടുവിച്ചതിനശേഷം റേഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ വിവിധ കാറ്റഗറികളിലായി നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ കാറ്റഗറിയിൽ; എത്രവീതം; | (ബി) 2010-ലെ കേരള ഫോറസ്റ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനു ശേഷം ബി.എസ്.സി ഫോറസ്ട്രി ക്വാട്ടയിൽ 25 പേർക്കും ബി.എസ്.സി.സയൻസ്/ എഞ്ചിനീറിംഗ് ക്വാട്ടയിൽ 13 പേർക്കും, വനംവകുപ്പിലെ മിനിസ്റ്റീരിയൽ വിഭാഗക്കാർക്ക് അനുവദിച്ച ക്വാട്ടയിൽ 2 പേർക്കും ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസിൽപ്പെട്ട വിഭാഗത്തിൽ നിന്നും ഒരാൾക്കും നിയമനം നൽകിയിട്ടുണ്ട്. |
| (സി) വനം വകുപ്പിൽ ഫോറസ്ട്രി ബിരുദ ധാരികൾക്കായി നീക്കിവച്ചിട്ടുള്ള നിയമനത്തിനായി ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; | (സി) നിലവിലില്ല |

(ഡി) പ്രസ്തുത കാറ്റഗറിയിലുള്ള നിയമനത്തിനായി 1962 -ലെ സബോർഡിനേറ്റ് സർവ്വീസ് റൂളിൽ നിന്നും 2010-ലെ സ്പെഷ്യൽ റൂളിൽ, എന്ത് മാറ്റമാണ് വരുത്തിയിട്ടുള്ളത്;

(ഡി) 1962-ലെ ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ്റൂൾ ചട്ടം 9(എ) പ്രകാരം, റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം ലഭിച്ച ഫോറസ്ട്രി ബിരുദധാരികൾക്ക് ഒരു വർഷത്തെ വകുപ്പുതല പ്രായോഗിക പരിശീലനം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ 2010-ലെ കേരള ഫോറസ്റ്റ് സർവീസ് സ്പെഷ്യൽ റൂൾ ചട്ടം 9(2)(എ) പ്രകാരം റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി നിയമനം ലഭിച്ച ഫോറസ്ട്രി ബിരുദധാരികൾക്ക് ഭാരത സർക്കാരിന്റെ ഫോറസ്റ്റ് എഡ്യൂക്കേഷൻ ഡയറക്ടറുടെ കീഴിലുള്ള സ്ഥാപനത്തിൽ നിന്നും കേന്ദ്ര സർക്കാർ നിശ്ചയിച്ചിട്ടുള്ള റെയിഞ്ചേഴ്സ് ട്രെയിനിംഗ് പൂർത്തീയാക്കിയതിനു ശേഷം ചട്ടം 9(2)(ബി) പ്രകാരം ഒരു വർഷത്തെ വകുപ്പുതല പ്രായോഗിക പരിശീലനവും പൂർത്തിയാക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്.

(ഇ) റേഞ്ചർ നിയമനത്തിനായി സ്പെഷ്യൽ റൂൾ നിലവിൽ വന്നതിനുശേഷം ഉണ്ടായിട്ടുള്ള ഒഴിവുകളിലേയ്ക്ക് 1962-ലെ സബോർഡിനേറ്റ് സർവ്വീസ് റൂൾ പ്രകാരം നിലവിൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ?

(ഇ) 1962 ലെ കേരള ഫോറസ്റ്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ നിലവിലുണ്ടായിരുന്നപ്പോൾ ബി.എസ്.സി ഫോറസ്ട്രി ക്വാട്ടയിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ഉണ്ടായ ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പി.എസ്.സി തയ്യാറാക്കി പ്രസിദ്ധീകരിച്ച റാങ്ക് ലിസ്റ്റിൽ നിന്ന് 2010-ൽ സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നതിനു ശേഷ മുണ്ടായ ഒഴിവുകളിലേയ്ക്ക് ഉദ്യോഗാർത്ഥികളെ നിയമനത്തിന് ശുപാർശ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ